Draft #2 of File 18408/AC B7/2/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 04-Oct-2019 06:18 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>സംഗ്രഹം</u>**

എം.എ.കോളേജ്, കോതമംഗലം - 2018 അധ്യയന വർഷം മുതൽ കോളേജ് സ്വീകരിച്ചിട്ടുള്ള 12 ബിരുദ പ്രോഗ്രാമുകളുടെയും, മറ്റ് അനുബന്ധ കോഴ്സുകളുടെയും പരിഷ്കരിച്ച സിലബസിന് അപ്പ്രൂവൽ നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 4762/AC B 7/2019/എം.ജി.യു        പ്രിയദർശിനി ഹിൽസ്,തീയതി: 09.10.2019

---

പരാമർശം:-1) 05/04/2018 -ലെ എം.എ.കോളേജ് പ്രിൻസിപ്പലിന്റെ M2 - 355/ 18 നമ്പർ കത്ത്.
2) 21/11/2018-ലെ 8191/3/എസിബി 7/2018 നമ്പർ സർവ്വകലാശാല ഉത്തരവ്.

**<u>ഉത്തരവ്</u>**

സ്വയംഭരണ കോളേജായ കോതമംഗലം എം.എ.കോളേജിലെ 12 ബിരുദ പ്രോഗ്രാമുകളുടെയും, മറ്റ് അനുബന്ധ കോഴ്സുകളുടെയും 2018 അധ്യയന വർഷം മുതൽ സ്വീകരിക്കുന്ന പരിഷ്കരിച്ച സിലബസ് പരാമർശം-1 പ്രകാരം സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ഇപ്രകാരം സർവ്വകലാശാലയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുന്ന സിലബസുകളിലെ പരിഷ്കരണം 20%-ൽ താഴെയാണെന്ന് ടി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നിരുന്നാലും പരിഷ്കരിച്ച സിലബസ് അപ്പ്രൂവലിനുള്ള ഫീസ് അടക്കാതിരുന്നതിനാൽ പ്രസ്തുത സിലബസുകളുടെ അംഗീകാരം സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചിരുന്നില്ല. പിന്നീട് സ്വയംഭരണ കോളേജുകളിൽ നടത്തിവരുന്ന വിവിധ പ്രോഗ്രാമുകളുടെ പരിഷ്കരിച്ച സിലബസുകൾക്ക് സർവ്വകലാശാല അംഗീകാരം നൽകുന്നത് സംബന്ധിച്ച് പരാമർശം-2 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

മഹാത്മാഗാന്ധി സർവകലാശാല ആക്ട് (മൂന്നാം ഭേദഗതി) 2014 സെക്ഷൻ 118(3) പ്രകാരം സ്വയംഭരണ കോളേജ് സമർപ്പിച്ചിരിക്കുന്ന സിലബസുകൾക്ക് 30 ദിവസത്തിനകം അംഗീകാരം നൽകിയിട്ടില്ലെങ്കിൽ അംഗീകാരം ലഭിച്ചിട്ടുള്ളതായി കണക്കാക്കാവുന്നതാണ്.ആയതിനാൽ കോതമംഗലം എം.എ. കോളേജിൽ 2018 അധ്യയന വർഷം മുതൽ സ്വീകരിച്ചിട്ടുള്ള താഴെ സൂചിപ്പിക്കുന്ന 12 ബിരുദ പ്രോഗ്രാമുകളുടെയും, മറ്റ് അനുബന്ധ കോഴ്സുകളുടെയും 2018 മുതൽ സ്വീകരിച്ചിട്ടുള്ള പരിഷ്കരിച്ച സിലബസുകൾക്ക് മഹാത്മാഗാന്ധി സർവകലാശാല ആക്ട് (മൂന്നാം ഭേദഗതി) 2014 സെക്ഷൻ 118(3) പ്രകാരം ഡീമിങ് അപ്പ്രൂവൽ നൽകുവാൻ തീരുമാനിച്ചുകൊണ്ട് ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. BA English
2. BA Economics
3. BA Sociology
4. BA History
5. BA Hindi
6. B.Sc. Mathematics
7. B.Sc.Statistics
8. B.Sc. Physics
9. B.Sc. Chemistry
10. B.Sc.Botany
11. B.Sc. Zoology
12. B.Com Computer Applications & Taxation

<u>Complementary Course</u>

1. Political Science
2. Computer Science

<u>Common Course</u>

1. Malayalam

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

<u>Open Course</u>

1. Physical Education

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3. പ്രിൻസിപ്പൽ എം.എ. കോളേജ്, കോതമംഗലം
4. മെമ്പർ സെക്രട്ടറി & പ്രിൻസിപ്പൽ സെക്രട്ടറി , ഓട്ടോണോമി അപ്പ്രൂവൽ കമ്മിറ്റി
5. ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
6. ഡെപ്യൂട്ടി രജിസ്ട്രാർ I/II/III (അക്കാദമിക്)
7. അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
8. ഏസി.സി. സെക്ഷൻ/പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ക്യൂ.എ.സി.
9. ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ /ഇ.ഐ.39സെക്ഷൻ
10. സ്റ്റോക് ഫയൽ/ റെക്കോർഡ്സ് / ഫയൽ കോപ്പി

Draft #2 of File 18408/AC B7/2/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 04-Oct-2019 06:18 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം